LIBRARY ARCHIVES Kerala Legislative Assembly

അബ്കാരി കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി

111 [3698] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട നിരവധി കേസ്സുകൾ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുവാൻ പ്രത്യേക കോടതി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചെറിയ അബ്കാരി കുറ്റങ്ങൾക്ക് കോമ്പൗണ്ടിംഗ് ഏർപ്പെടുത്തിയാൽ കേസുകളുടെ ബാഹുല്യം ഒഴിവാക്കാനും ഖജനാവിലേയ്ക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുവാനും കഴിയുമോയെന്ന കാര്യം പരിശോധിക്കുമോ;

(ഡി) ഇത്തരത്തിൽ അബ്കാരി നിയമത്തിൽ മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 31-3-2003-ലെ ജി.ഒ.(എംഎസ്.) നം. 78/2003/ആഭ്യന്തരം ഉത്തരവ് പ്രകാരം അബ്കാരി കേസ്സുകൾ വിചാരണ ചെയ്യുന്നതിനായി നെയ്യാറ്റിൻകരയിലും കൊട്ടാരക്കരയിലും ഓരോ കോടതികൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഈ കോടതികൾ ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി ആന്റ് ഡി) അബ്കാരി കേസ്സുകൾ കോമ്പൗണ്ടിങ്ങിലൂടെ തീർപ്പാക്കുവാനുള്ള ചട്ടം 3-6-1997 മുതൽ നിലവിലില്ല. ഈ ചട്ടം പുനഃസ്ഥാപിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ആദിവാസി ക്ഷേമത്തിനായുള്ള കേന്ദ്രസഹായം

112 [3699] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കേരളത്തിലെ ആദിവാസികളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്ത് തുക ധനസഹായം ലഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഇത് ഏതെല്ലാം മേഖലകളിലാണ് ചെലവഴിച്ചതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) തുക ലാപ്സായിട്ടുണ്ടോയെന്നും എങ്കിൽ എത്രയാണെന്നും വ്യക്തമാക്കാമോ?